"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്-മനുഷ്യ വനജീവി സംഘർഷത്തിൽ (Human Wildlife Conflict) സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ച 09.05.2025 ലെ സ.ഉ (സാധാ) നം. 304/2025/DMD നം. ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.209/2026/DMD തീയതി,തിരുവനന്തപുരം, 11-05-2026

---

പരാമർശം:- 1. 15/3/2026 ലെ സ.ഉ(കൈ) 167/2026/ആർ ഡി നം ഉത്തരവ്

2. 09.05.2025 ലെ സ.ഉ (സാധാ) നം. 304/2025/DMD നം. ഉത്തരവ്

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം പൊതുമാനദണ്ഡത്തിലെ ക്രമ നം. (1)ൽ വനം വന്യജീവി വകുപ്പിൽ നിന്നുള്ള ധനസഹായ തുകയായ 6 ലക്ഷം എന്നത് 10 ലക്ഷം ആയും വനം വന്യജീവി വകുപ്പും SDRFഉം ചേർന്ന് അനുവദിക്കുന്ന തുക 10 ലക്ഷം എന്നത് 14 ലക്ഷം ആയും പരാമർശം-2 ലെ ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് ദുരന്തനിവാരണ വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (2) ഉത്തരവിലെ ക്രമ നം. (1) ൽ താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

| ക്രമ നം | ഇനം | ധനസഹായം വിതരണം ചെയ്യുന്ന വകുപ്പ് | സംസ്ഥാന ദുരന്ത പ്രതികരണ നിധി(SDRF) യിൽ നിന്നുമുള്ള ധനസഹായം | വനം- വന്യ ജീവി വകുപ്പിൽ നിന്നുമുള്ള ധനസഹായം | ആകെ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| | | | | | | മരണകാരണമായ വന്യജീവി ആക്രമണം നടന്നത് വനത്തിനുള്ളിൽ വച്ചാണോ വനത്തിന് പുറത്തു വച്ചാണോ എന്നത് കണക്കിലെടുക്കാതെ ദുരിതാശ്വാസ ധനസഹായ ം അനുവദിക്കുന് |

| | | | | | | |
|---|---|---|---|---|---|---|
| 1 എ | മരണപ്പെട്ടവരുടെ കുടുംബ ാങ്ങൾക്കുള്ള ദുരിതാശ്വാസ ധനസഹ ായം | ലാൻഡ് റവന്യൂ | 1(ബി) യിൽ ഉൾപ്പ െട്ടുത്തിയിട്ടുള്ള വന്യജീവികൾ അല്ലാത്തവയ്ക്ക് എല്ലാം ബ ാധകം<br><br>₹4,00,000/- (നാല് ലക്ഷം) | ₹10,00,000/- (പത്ത് ലക്ഷം) | ₹14,00,000/- (പതിനാല് ലക്ഷം) | നതാണ്.<br><br>മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളിലും മുന്നൊരുക്ക പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കും ഈ ദുരിതാശ്വാസ സഹ ായം നൽകും<br><br>മനുഷ്യ-വന്യജീവി സംഘർഷം മൂലമോ മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പ െട്ട ദുരിതാശ്വാസ/മുന്നൊരുക്ക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പ ോഴോ സംഭവിച്ച മരണമാണെന്ന് ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർ സ ാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.<br><br>അംഗീകൃത മെഡിക്കൽ പ്രാക്ടീഷണർ മരണ ക ാരണം സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. |

ENGLISH NORMS

| Sl. No | Items | Department Responsible for disbursement of relief | Amount from SDRF (₹) | Amount from Forests & Wildlife Department (₹) | Total | Remarks |
|---|---|---|---|---|---|---|
| 1a | Ex-gratia payment to families of deceased persons | Land Revenue | Applicable to all wild animals other than those listed in Sl. No. 1 (b): ₹4,00,000 | ₹10,00,000 | ₹14,00,000 | Ex-gratia will be paid irrespective of whether the death occurred inside forest or out side forest<br><br>Ex-gratia is payable including to those involved in the relief operations or associated in preparedness activities<br><br>To be certified by concerned Range Forest Officer as a death due to HWC or while involved in the relief operations or associated in preparedness activities related to HWC.<br><br>To be certified by a registered medical practitioner. |

3. പരാമർശം (2) ഉത്തരവ് മേൽപറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

സെക്രട്ടറിയേറ്റിലെ എല്ലാ സെക്രട്ടറിമാർക്കും
കമ്മീഷണർ, ദുരന്തനിവാരണ വകുപ്പ്/ ലാൻഡ് റവന്യൂ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കണ്ടന്റ് ജനറൽ ( എ&ഇ) കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോരിറ്റി
വനം വന്യജീവി വകുപ്പ്
ഡിആർഎഫ്(എ) വകുപ്പ്
പൊതുഭരണ (എസ്.സി ) വകുപ്പ്
ധനവകുപ്പ്
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
ഇൻഫർമേഷൻ ഓഫീസർ(വെബ്&ന്യൂ മീഡിയ), പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 11-05-2026 14:46:09**
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം- 'സംസ്ഥാന സവിശേഷ ദുരന്തം' ആയി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ)വകുപ്പ്**

സ.ഉ.(കൈ) നം.4/2024/DMD  തീയതി 07-03-2024, തിരുവനന്തപുരം

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം അടുത്തകാലത്തായി വർദ്ധിച്ച് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് പ്രായോഗികവും ഫലപ്രദവുമായ സത്വരമാർഗ്ഗങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെ സ്വീകരിക്കേണ്ട അനിവാര്യ സാഹചര്യമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് കഴിഞ്ഞ കുറേ ദിവസങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വന്യജീവി ആക്രമണം മൂലമുള്ള ദാരുണ സംഭവങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷം ഒരു ''സംസ്ഥാന സവിശേഷ ദുരന്തം'' (State Specific Disaster) ആയി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി, ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, SOP എന്നിവ പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി,ആഭ്യന്തര വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി,വനം വന്യജീവി വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി,ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

പൊതുഭരണ (എസ്.സി ) വകുപ്പ് (ഇനം നമ്പർ .)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം

എല്ലാ ജില്ലാകളക്ടർമാർക്കും

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ദി ഫോറസ്റ്റ് ഫോഴ്സ്

ഡയറക്ടർ,കൃഷി വകുപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
Date: 07-03-2024 16:45:04
സെക്ഷൻ ഓഫീസർ